**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പിൽ കണ്ണൂർ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായ ശ്രീ കെ . ശശികുമാറിന് മെഡിക്കൽ റീ-ഇംബഴ്സ്മെന്റ് ക്ലെയിം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 3224/2018/തസ്വഭവ. തിരുവനന്തപുരം, തീയതി, 21.12.2018.

---

പരാമർശം:- 1. ഗ്രാമവികസന കമ്മീഷണറുടെ 27/07/2018 തീയതിയിലെ 14549/എസ്റ്റാ.സി1/2017/സി.ആർ.ഡി നമ്പർ കത്ത്

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 19.02.2018 ലെ എം ആർ 5-91045/2017/ ഡി.എച്ച്.എസ് നമ്പർ കത്ത്

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിൽ കണ്ണൂർ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായ ശ്രീ കെ . ശശികുമാറിന് പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയ്ക്ക് ചെലവായ തുകയിൽ പരാമർശം (2) ലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് അറിയിച്ചിട്ടുള്ള തുകയായ 1,14,987/-രൂപ (ഒരു ലക്ഷത്തി പതിനാലായിരത്തി തൊള്ളായിരത്തി എൺപത്തിയേഴ് രൂപ മാത്രം) മെഡിക്കൽ റീ-ഇംബഴ്സ്മെന്റ് ക്ലെയിം അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമവികസന വകുപ്പിൽ കണ്ണൂർ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായ ശ്രീ കെ . ശശികുമാറിന് പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഹൃദയസംബന്ധമായ ചികിത്സയ്ക്ക് ചെലവായ തുകയിൽ അനുവദനീയമായ തുകയായി, പരാമർശം (2) ലെ കത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത തുകയുടെ 80% ആയ, 91,982/- രൂപ (തൊണ്ണൂറ്റി ഒന്നായിരത്തി തൊള്ളായിരത്തി എണ്പത്തിരണ്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പ്രസ്തുത ചികിത്സയ്ക്ക് പലിശ രഹിത വായ്പ അനുവദിച്ചിട്ടില്ലെന്ന് ഗ്രാമവികസന കമ്മീഷണർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനി.എം.ആർ**

**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം .
ശ്രീ കെ . ശശികുമാർ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് , ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം , കണ്ണൂർ
( ഗ്രാമവികസന കമ്മീഷണർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (E&RSA / G&SSA), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( 15.12.2018-ലെ 1017094/എൽ3/639/2018/ഫിൻ പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ .